കേരള സർക്കാർ
സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - സുപ്രീം കോടതിയിൽ ബച്ച്പൻ ബച്ചാവോ ആന്തോളൻ ഫയൽ ചെയ്ത W.P.(C) No. 51/2006-ാം നമ്പർ റിട്ട് ഹർജിയിലെ 30.01.2015-ലെ വിധിന്യായം - സർക്കസ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതിന് ജില്ലാ ലേബർ ഓഫീസർ (ഇ)-യുടെ അനുമതി പത്രം ഉണ്ടാകണമെന്ന് വ്യവസ്ഥ ചെയ്ത് - ഉത്തരവാകുന്നു.

---

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

സ.ഉ. (എം.എസ്)നം. 89/2016/തൊഴിൽ തിരുവനന്തപുരം, തീയതി, 13.06.2016.

---

പരാമർശം:- സുപ്രീം കോടതിയിൽ ബച്ച്പൻ ബച്ചാവോ ആന്തോളൻ ഫയൽ ചെയ്ത W.P.(C) No. 51/2006-ാം നമ്പർ റിട്ട് ഹർജിയിലെ 30.01.2015-ലെ വിധിന്യായം.

<u>ഉത്തരവ്</u>

സുപ്രീം കോടതിയിൽ ബച്ച്പൻ ബച്ചാവോ ആന്തോളൻ ഫയൽ ചെയ്ത W.P.(C) No. 51/2006-ാം നമ്പർ റിട്ട് ഹർജിയിലെ 30.01.2015-ലെ വിധിന്യായത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ സുപ്രീം കോടതി പുറപ്പെടുവിച്ചിരുന്നു.

1. സർക്കസുകളിൽ ബാലവേലയില്ലായെന്ന് ഉറപ്പു വരുത്തുന്നതിന് സ്ഥിരമായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുക. സർക്കസുകളിൽ കുട്ടികളെ മറ്റ് വിധത്തിൽ ചൂഷണം ചെയ്യില്ലായെന്ന് ഉറപ്പാക്കുക.
2. ഇപ്രകാരം ബാലവേല കണ്ടെത്തിയാലോ മറ്റ് നിയമ ലംഘനം നടന്നാലോ അതിനെതിരെ തക്കതായ നടപടി സ്വീകരിക്കുന്നതിന് നിയമപാലകരെ പ്രാപ്തരാക്കുവാനും നിയമ ലംഘനം ആവർത്തിക്കുന്നില്ലായെന്ന് ഉറപ്പാക്കാനുമുള്ള നടപടി സ്വീകരിക്കുക.

2) സുപ്രീം കോടതി പുറപ്പെടുവിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ, സംസ്ഥാനത്ത് സർക്കസ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതിന് ജില്ലാ ലേബർ ഓഫീസർ (ഇ)-യുടെ അനുമതി പത്രം ഉണ്ടാകണമെന്ന് വ്യവസ്ഥ ചെയ്ത് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി.അശോക് കുമാർ,
ജോയിന്റ് സെക്രട്ടറി.

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ ജില്ലാ ലേബർ ഓഫീസർ (ഇ)-മാർക്കും (ലേബർ കമ്മീഷണർ മുഖേന).
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം
(വ്യാപക പ്രചരണത്തിന്).
സാമൂഹ്യനീതി (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.